സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# ടി.എ. ഗോപിനാഥറാവുവും കൃതികളും: പുരാവസ്തുപഠനത്തിലെ ശ്രദ്ധേയനിരീക്ഷണങ്ങൾ



**ഷിഫിൻ ജെ മാത്യു***

**സംഗ്രഹം**

ചരിത്രവും ആർക്കിയോളജിയും പരസ്പരപൂരകങ്ങളായ ജ്ഞാനരൂപങ്ങളാണ്. ഭൂതകാലം അവശേഷിപ്പിച്ചിട്ടുള്ള വസ്തുക്കളെക്കുറിച്ചുള്ള പഠനമാണ് ആർക്കിയോളജി. ഇത് ചരിത്രവുമായും ശാസ്ത്രവുമായും സാഹിത്യവുമായുമെല്ലാം ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ചരിത്രവും ആർക്കിയോളജിയും തമ്മിലുള്ള ബന്ധമാണ് കൂടുതൽ ദൃഢമായത് എന്നു കാണാം. കാരണം ചരിത്രരചനയുടെ ഉപാദാനങ്ങളുടെ പഴക്കം കണ്ടെത്തുന്നതിനും അപഗ്രഥനത്തിനും ആർക്കിയോളജിയുടെ തത്ത്വങ്ങൾ ഉപയോഗിച്ചേ മതിയാവൂ. തിരിച്ചും അങ്ങനെ തന്നെയാണ്. ഏതെങ്കിലുമൊരു വസ്തുവിന്റെ പഴക്കം, അതിലുൾച്ചേർന്നിരിക്കുന്ന ഘടകങ്ങൾ, ലിപികൾ, ശില്പങ്ങൾ, നിർമ്മിതികളുടെ അവശിഷ്ടങ്ങൾ എന്നിവയൊക്കെ കൃത്യമായി നിർണ്ണയിക്കപ്പെട്ടാലും ചരിത്രം എന്ന ആഖ്യാനത്തിലൂടെയാണ് ഇത്തരം കണ്ടെത്തലുകൾ പ്രസക്തമാകുന്നത്. ആർക്കിയോളജിക്കൽ തെളിവുകൾകൊണ്ട് സ്ഥിരീകരിക്കപ്പെടാവുന്ന പരിധി മാത്രമാണ് ഭാഷാ സാമഗ്രികൾക്ക് ചരിത്രപരമായ തെളിവുകൾ എന്ന പദവി ഇന്നു കല്പിക്കുക എന്നും എല്ലാറ്റിനും പുറമേ മൺമറഞ്ഞ ഒരു കാലത്തെ ജനങ്ങൾ എങ്ങനെയാണ് ജീവിച്ചിരുന്നതെന്നു പറയാൻ കഴിയുക ആർക്കിയോളജിക്കു മാത്രമാണെന്നും ഡി.ഡി. കൊസംബി അഭിപ്രായപ്പെട്ടിരിക്കുന്നതായി പി.കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തുന്നു. ഇങ്ങനെ ആർക്കിയോളജി ചരിത്രമെന്ന ആഖ്യാനത്തെ നിർണ്ണയിക്കുന്നു. കേരളത്തിന്റെ പൂർവ്വകാലം ലിഖിതങ്ങളുടെ അപഗ്രഥനത്തിലൂടെ വിവരിക്കുന്നതിനും ലിപി, ശില്പനിർമ്മാണം എന്നിവയെപ്പറ്റി വിവരിക്കുന്നതിലും പുരാവസ്തുപഠന വിദഗ്ധനായ ടി.എ. ഗോപിനാഥറാവുവിന്റെ സംഭാവനകളും ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** ആർക്കിയോളജി, കോലെഴുത്ത്, വട്ടെഴുത്ത്, ഗ്രന്ഥാക്ഷരം

## പുരാവസ്തുപഠനം കേരളത്തിൽ

കേരളത്തിലെ പുരാവസ്തുപഠനത്തിന് തുടക്കം കുറിച്ചത് വിദേശീയരായ പണ്ഡിതന്മാരാണ്. 1823 ൽ ബ്രിട്ടീഷുകാരൻ ബാബിങ്ടൺ പാണ്ടുകുഴിയെന്നറിയപ്പെടുന്ന മഹാശിലായുഗങ്ങളെക്കുറിച്ചു പഠനം നടത്തി.

---

* ഗവേഷകൻ, സെന്റ് ബർക്ക്മാൻസ് കോളജ്, ചങ്ങനാശ്ശേരി

 ISSN No: 3049-0316 

മലബാറിൽ നിന്ന് മുന്നൂറിലധികം മഹാശിലാസ്മാരകങ്ങൾ കണ്ടെത്തുകയും "Illustrated Account of the Megalithic Gaves" എന്ന പുസ്തകം രചിക്കുകയും ചെയ്തു. എടക്കൽ ഗുഹയെക്കുറിച്ചുള്ള ഫോസെറ്റിന്റെ പഠനങ്ങളാണ് പിന്നീടുണ്ടായത്. 1894ൽ അന്നത്തെ മലബാർ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന എഫ്. ഫോസെറ്റാണ് ദക്ഷിണേന്ത്യൻ ചരിത്രത്തിലേക്ക തന്നെ പുതിയ വെളിച്ചം വീശുന്ന എടക്കൽ ഗുഹാചിത്രങ്ങളെ ലോകശ്രദ്ധയിൽ കൊണ്ടുവന്നത്" (ജോണി ഒ.കെ., 2001:32) ഫോസെറ്റ്, ആർ.സി. ടെമ്പിൾ, ബ്രൂസ് ഫ്രൂട്ട്, ഹൾട്ഷ്, കോളിൻമെക്കൻസി എന്നിവർ എടയ്ക്കൽ ഗുഹയെയും പരിസരത്തെയും സംബന്ധിച്ച പര്യവേക്ഷണങ്ങൾ നടത്തുകയും 1899ൽ കണ്ടെത്തലുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1901ൽ ഇന്ത്യൻ ആൻറിക്വറിയിൽ (India Antiquary) വന്ന, ഫോസെറ്റിന്റെ പഠനം ശ്രദ്ധേയമാണ്.

ഇതിനു പുറമേ മറ്റു നാട്ടുരാജ്യങ്ങളിലും പല പഠനങ്ങളും നടന്നു. തിരുനെൽവേലിയിലെ തിരുങ്കുറുങ്കുടി ക്ഷേത്രത്തിൽ സ്ഥാപിച്ച വെങ്കലമണിയിലുള്ള ലിഖിതത്തെപ്പറ്റി വിശാഖം തിരുനാൾ രാമവർമ്മ 1873ൽ ഇന്ത്യൻ ആന്റിക്വറിയിൽ എഴുതിയ ലേഖനം തിരുവിതാംകൂറിലെ പുരാലിഖിത പഠനങ്ങളുടെ ആരംഭം കുറിച്ചു. കേരളത്തിൽ പുരാവസ്തുഗവേഷണം ആദ്യമായി തുടങ്ങിയത് തിരുവിതാംകൂറിലാണെന്ന് പ്രൊഫ. പി.കെ. കെ. മേനോൻ അഭിപ്രായപ്പെടുന്നു. (പരമേശ്വരൻപിള്ള വി.ആർ. 1963 : 8)1. 1891ൽ സ്ഥാപിതമായ പുരാവസ്തു പഠനത്തിന് (തിരുവിതാംകൂർ) മേൽനോട്ടം വഹിച്ചത് പ്രൊഫ. പി. സുന്ദരംപിള്ളയായിരുന്നു. അദ്ദേഹത്തിന്റെ കൃതിയായിരുന്നു Some Early Soverigns of Travancore. പുരവരി ലിഖിതം (Puravari Inscription, 335 ME), കോട്ടാർ ലിഖിതം (Kottar Inscription 396 M.E) തുടങ്ങിയ രേഖകളെക്കുറിച്ച് സുന്ദരംപിള്ള പഠനം നടത്തിയിട്ടുണ്ട്.

പി. സുന്ദരംപിള്ളയുടെ നിര്യാണത്തെത്തുടർന്നാണ് ടി.എ. ഗോപിനാഥറാവുവിന്റെ രംഗപ്രവേശം. 1908ൽ അദ്ദേഹം തിരുവിതാംകൂറിലെ ആർക്കിയോളജി വിഭാഗത്തിന്റെ ആദ്യസൂപ്രണ്ടായി ചുമതലയേറ്റു. റാവുവാണ് ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് (Travancore Archaeological Series) എന്ന പേരിൽ പുരാവസ്തു പഠനഗ്രന്ഥ പരമ്പര ആരംഭിച്ചത്. അദ്ദേഹം വിവിധ ലിഖിതങ്ങൾ കണ്ടെടുക്കുകയും വ്യാഖ്യാനിക്കുകയും അത് ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിലൂടെ ലോകത്തെ അറിയിക്കുകയും ചെയ്തു. എപ്പിഗ്രാഫിയ ഇൻഡിക്ക (Epigraphia Indica), മോഡേൺ റിവ്യൂ (Modern Review) എന്നിവയിലൂടെയും റാവു വിവിധ ലിഖിതങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ പ്രസിദ്ധീകരിച്ചു. പിന്നീട് ഇളംകുളം കുഞ്ഞൻപിള്ള പല ലിഖിതങ്ങൾ അപഗ്രഥിക്കുകയും സുപ്രധാനമായ നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. ഏതാണ്ട് മുപ്പത്തിനാല് ശാസനങ്ങൾ അദ്ദേഹം പഠനവിധേയമാക്കി. "ചില കേരള ചരിത്ര പ്രശ്നങ്ങൾ രണ്ടാം ഭാഗ'ത്തിൽ തരിസാപ്പള്ളി ശാസനം, ജൂതശാസനം, തിരുവമ്പാടിശാസനം, വീരരാഘവപ്പട്ടയം മുതലായവയെ പഠനവിധേയമാക്കുന്നു. ചില കേരളചരിത്രപ്രശ്നങ്ങൾ എന്ന ഗ്രന്ഥത്തിന്റെ മൂന്നാംഭാഗത്തിൽ പാലിയംശാസനത്തെക്കുറിച്ചും പഠിക്കുന്നു.

പ്രസിദ്ധ ലിഖിതപഠനവിദഗ്ദ്ധനായിരുന്ന വി.ആർ. പരമേശ്വരൻപിള്ളയും ഈ രംഗത്ത് സംഭാവനകൾ നൽകി. ലിഖിതങ്ങൾ ചരിത്രപഠനത്തിനുപയോഗിച്ച് മൗലികമായ നിരീക്ഷണങ്ങൾ നടത്തിയ വ്യക്തിയാണ് എം.ജി.എസ് നാരായണൻ. പെരുമാൾസ് ഓഫ് കേരള (Perumals of Kerala) എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം അന്നുവരെ നിലനിന്ന ധാരണകളെ പൊളിച്ചെഴുതുന്നതായിരുന്നു. അതായത് ഇളംകുളം മുന്നോട്ടുവയ്ക്കുന്ന 'സാമ്രാജ്യം' കേരളത്തിൽ നിലവിലില്ലായിരുന്നുവെന്നും മറ്റു സ്ഥലങ്ങളിൽ നിന്നു കണ്ടെത്തിയ (കേരളത്തിനു പുറത്ത്) ലിഖിതങ്ങളെ അപേക്ഷിച്ച് കേരളത്തിൽ രാജകല്പന ഉൾക്കൊള്ളുന്ന ശാസനങ്ങൾ കുറവായത് പെരുമാക്കന്മാർക്കുണ്ടായിരുന്ന അധികാരക്കുറവിനെയാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹം കണ്ടെത്തി. ദേശിവിനായകംപിള്ള, ടി.കെ. ജോസഫ്, എം.ആർ. രാഘവ വാരിയർ, കേശവൻ വെളുത്താട്ട് തുടങ്ങിയവർ ഈ മേഖലയിൽ മൗലികമായ സംഭാവന നൽകിയ പണ്ഡിതന്മാരാണ്.

പി. രാജേന്ദ്രൻ, എസ്. പത്മാഭൻതമ്പി എന്നിവർ നടത്തിയ ഉത്ഖനനങ്ങൾ ശ്രദ്ധേയമാണ്. കൊല്ലം ജില്ലയിലെ തെന്മലയ്ക്കടുത്തുള്ള ചെന്തുരുണിയിലെ ഒരു എസ്റ്റേറ്റിലുള്ള ഗുഹയിൽനിന്ന് 1983ൽ പി. രാജേന്ദ്രൻ ചരിത്രാതീതകാലത്തെ മനുഷ്യവാസത്തിന്റെ തെളിവുകൾ ശേഖരിച്ചു. ഇടുക്കിജില്ലയിലെ മറയൂരിൽ നിന്ന് എസ്. പത്മനാഭൻ ഗുഹാചിത്രശേഖരം കണ്ടെത്തി.

തിരുവിതാംകൂറിലേതുപോലെ കൊച്ചിയിലും പുരാവസ്തുഗവേഷണങ്ങൾ നടക്കുന്നുണ്ടായിരുന്നു. കൊച്ചിസംസ്ഥാനത്തിലെ ആർക്കിയോളജി തലവൻ അനുജൻ അച്ചന്റെ നേതൃത്വത്തിൽ 1946–47 കാലഘട്ടത്തിൽ കൊടുങ്ങല്ലൂരിൽ ഉത്ഖനനം നടന്നു. ഇതുകൂടാതെ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ

ISSN No: 3049-0316


1948-49 കാലത്ത് സി.കെ. ഥാപ്പർ തൃശ്ശൂരിലെ പോർക്കുളത്ത് ഉത്ഖനനം നടത്തി. 2004ൽ വടക്കൻ പറവൂരിൽ ഉത്ഖനനം നടന്നു. ഡോ. ഷാജൻ, പട്ടണത്ത് നടത്തിയ ഉത്ഖനനത്തിൽ റോമൻ ആംഫറയുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തു. ഡോ. ഷാജൻ, ഡോ. സെൽവകുമാർ, ഡോ. ജെനി പീറ്റർ, പി.കെ. ഗോപി തുടങ്ങിയവരാണ് പട്ടണത്തിലെ ഉത്ഖനനത്തിനും പര്യവേഷണത്തിനും നേതൃത്വം വഹിച്ചത്.

## കേരളത്തിലെ ലിഖിതങ്ങൾ

കേരളത്തിൽനിന്നു കണ്ടെത്തിയ ലിഖിതങ്ങളുടെ എണ്ണം ദക്ഷിണേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ലിഖിതങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ്. എൺപതിനായിരത്തിലധികം ലിഖിതങ്ങൾ ദക്ഷിണേന്ത്യയിൽനിന്നു ലഭിച്ചിട്ടുണ്ട്. The Historical Inscription of South India (Collected till 1923) – An outline of Political History എന്ന പേരിൽ റോബർട്ട് സെവൽ ദക്ഷിണേന്ത്യൻ ലിഖിതങ്ങൾ സമാഹരിച്ച് പഠനം നടത്തിയിട്ടുണ്ട്. ശേഷം പ്രവിശ്യാ അടിസ്ഥാനത്തിലുള്ള പുരാലിഖിത/പുരാവസ്തു പഠനങ്ങളും ചരിത്രകൃതികളും എഴുതപ്പെട്ടു. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് (ടി.എ.എസ്.), ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ (വി. നാഗമയ്യ), കൊച്ചി സ്റ്റേറ്റ് മാനുവൽ, വില്യംലോഗന്റെ മലബാർ മാന്വൽ എന്നിവയൊക്കെ രംഗത്തുവന്നു.

ദക്ഷിണേന്ത്യൻ ലിഖിതങ്ങളിൽ ഏറ്റവും കൂടുതൽ തമിഴ്നാട്ടിൽ നിന്നുള്ളവയാണ്. അവയിൽ കൂടുതൽ ചോളലിഖിതങ്ങളുമാണ്. തമിഴ്നാട്ടു കഴിഞ്ഞാൽ അടുത്ത സ്ഥാനം കർണ്ണാടകയ്ക്കാണ്.

കേരളത്തിൽ നിന്നുള്ള ഏറ്റവും പഴക്കമുള്ള രേഖകൾ എടയ്ക്കൽ ലിഖിതങ്ങളാണ്. കേരളീയലിഖിതങ്ങളിൽ പ്രധാനമായ മൂന്ന് ലിപിമാതൃകകൾ കാണപ്പെടുന്നു. വട്ടെഴുത്ത്, ഗ്രന്ഥാക്ഷരം, കോലെഴുത്ത് എന്നിവയാണവ. പ്രാദേശികഭാഷ രേഖപ്പെടുത്താൻ വട്ടെഴുത്തും സംസ്കൃതം എഴുതാൻ ഗ്രന്ഥാക്ഷരവും ഉപയോഗിച്ചു. ഗ്രന്ഥാക്ഷരത്തിൽ പല്ലവഗ്രന്ഥമാണ് കേരളത്തിൽ പ്രചാരത്തിലായത്. വട്ടെഴുത്തിന്റെ ജീർണ്ണിച്ച രൂപത്തിൽ നിന്നാണ് കോലെഴുത്ത് (മലയാണ്മ) രൂപപ്പെട്ടത്.

കേരളത്തിൽ നിന്നു കണ്ടെത്തിയ ലിഖിതങ്ങൾ നീളം കുറഞ്ഞവയാണെന്നും അവയിൽ വിശദാംശങ്ങൾ കുറവാണെന്നും എം.ആർ. രാഘവവാരിയർ നിരീക്ഷിക്കുന്നുണ്ട്. (രാഘവവാരിയർ എം.ആർ., 1991:41) തമിഴ്നാട്ടുപോലുള്ള സംസ്ഥാനങ്ങളിൽനിന്നുള്ള ലിഖിതങ്ങളിൽ കാർഷികസംബന്ധമായ വിശദാംശങ്ങൾ ഉണ്ട്. എന്നാൽ കേരളീയ ലിഖിതങ്ങളിൽ അവ കുറവാണ്. രാജാക്കന്മാരെ വാഴ്ത്തുന്ന മെയ്ക്കീർത്തി[2]യെന്ന ലിഖിതരൂപത്തിന്റെ അഭാവവും കാണപ്പെടുന്നു. ലോഹനിർമ്മിതമായ പ്രതലത്തിലുള്ള ലിഖിതങ്ങൾ കണ്ടെടുത്തിട്ടുണ്ടെങ്കിലും കേരളത്തിൽ ഏറ്റവും കൂടുതലുള്ളത് ഓലയിലുള്ള രേഖകളാണ്. മറ്റു രേഖകളെ അപേക്ഷിച്ച് പെട്ടെന്നു നശിക്കുമെന്നതാണ് ഇതിന്റെ പോരായ്മ. കേരളത്തിലെ, ഓലയിൽനിന്നുള്ള രേഖകളിൽ പ്രധാനമായത് മതിലകം രേഖകളാണ്. "ക്ഷേത്ര ഭരണവും രാജ്യഭരണവും ഒന്നായിരുന്ന തിരുവിതാംകൂറിനെ സംബന്ധിക്കുന്ന വ്യക്തമായ രേഖകളാണ് ഇവ" (ജിഷ എസ്.കെ. 2023:19).

## ടി.എ. ഗോപിനാഥറാവു

ടി.എ. ഗോപിനാഥറാവു ബഹുമണ്ഡലവ്യാപിയായ പണ്ഡിതനായിരുന്നു. പുരാവസ്തുപഠനം, ചരിത്ര പുരാലിഖിത പഠനം, ശില്പനിർമ്മാണം, ചിത്രകല എന്നിവയിലെല്ലാം നിപുണനായിരുന്ന അദ്ദേഹത്തിന്റെ കൃതികൾ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് 1, 2 വാല്യങ്ങൾ (Travancore Archaeological Series Volums 1, 2), എലമെന്റ്സ് ഓഫ് ഹിന്ദു ഐക്കണോഗ്രഫി (Elements of Hindu Iconography) സർ സുബ്രഹ്മണ്യ അയ്യർ ലെക്ചേഴ്സ് ഓൺ ഹിസ്റ്ററി ഓഫ് ശ്രീവൈഷ്ണവാസ്[3] (Sir Subrahmanya Ayyar Lectures on the History of Sri Vaisnavas) എന്നിവയാണ്. ഇതുകൂടാതെ എപ്പിഗ്രാഫിയ ഇൻഡിക്ക (Epigraphia India), മോഡേൺ റിവ്യൂ (Modern Review), സിലോൺ ആൻറിക്വറീസ് (Cylon Antiquary), ചെന്തമിഴ് എന്നീ ജേർണലുകളിൽ നിരവധി ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചരിത്രവും ആർക്കിയോളജിയും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ ബന്ധമുള്ളതാണ്. അത്തരത്തിൽ ചിന്തിക്കുമ്പോൾ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിനെയും ചരിത്രകൃതിയായി പരിഗണിക്കണം. കാരണം ചരിത്രമെന്നത് ആഖ്യാനമാണ്; അത് രേഖീയമാകണമെന്നോ തുടർച്ചയും പാരായണക്ഷമതയും ഉള്ളതാകണമെന്നോ ഇല്ല. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ ലിഖിതങ്ങൾ കാലത്തെയും സാംസ്കാരിക പ്രക്രിയകളെയും മുൻനിർത്തി വിശദീകരിക്കുന്നു.

 ISSN No: 3049-0316 

കാൽഡ്വൽ, ഗുണ്ടർട്ട്, വില്യംലോഗൻ എന്നിവർ സാമൂഹിക പശ്ചാത്തലം മുൻനിർത്തി ശാസനങ്ങൾ പഠിച്ചുവെന്നും ടി.എ. ഗോപിനാഥറാവു അവയുടെ ചരിത്ര-സാംസ്കാരിക പ്രാധാന്യത്തിലൂന്നിയും ഇളംകുളംകുഞ്ഞൻപിള്ള, കെ.പി. പത്മനാഭമേനോൻ തുടങ്ങിയവർ കേരളചരിത്രം, സംസ്കാരം എന്നിവയെ മുൻനിർത്തിയും എൽ.വി. രാമസ്വാമി അയ്യർ, ഗോദവർമ്മ, സി.എൽ. ആന്റണി, പുതുശ്ശേരി രാമചന്ദ്രൻ, കെ. രത്നമ്മ തുടങ്ങിയവർ ഭാഷയ്ക്കു പ്രാധാന്യം നൽകി പഠിച്ചുവെന്നും ജിഷ എസ്.കെ. നിരീക്ഷിക്കുന്നു (ജിഷ എസ്. കെ, 2023:3)

## ലിഖിതങ്ങൾ കണ്ടെടുക്കുന്നു

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം മുതൽക്കാണ് കേരളചരിത്രരചനയ്ക്ക് ലിഖിതങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്. കേരളത്തിന്റെ ഭൂതകാലത്തിലേക്കു വെളിച്ചം വീശുന്ന ലിഖിതങ്ങൾ ടി.എ. ഗോപിനാഥറാവു കണ്ടെത്തി. വാഴപ്പള്ളി ശാസനം, ഹജ്ജൂർ ശാസനം, പാലിയം ശാസനം, കണ്ടിയൂർ ക്ഷേത്രത്തിലെ രേഖകൾ, മൂഷകവംശം കാവ്യം തുടങ്ങിയവയൊക്കെ ആദ്യമായി കണ്ടെത്തിയതും അപഗ്രഥിച്ചതും ടി.എ. ഗോപിനാഥറാവുവാണ്. അദ്ദേഹത്തിന്റെ ചില നിരീക്ഷണങ്ങളിൽ പോരായ്മകളും തെറ്റുകളും വന്നിട്ടുണ്ടെങ്കിലും ആദ്യമായി ഒരു ലിഖിതം എങ്ങനെ പഠിക്കണമെന്നും പാഠവിശകലനത്തിൽ ഏതൊക്കെ മാർഗ്ഗങ്ങൾ ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ചും പിൻഗാമികളായ പണ്ഡിതന്മാർ റാവുവിന്റെ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. റാവുവിന്റെ നിരീക്ഷണങ്ങളോട് പിൽക്കാല പണ്ഡിതന്മാർ വിയോജിച്ചിട്ടുണ്ടെങ്കിലും ലിഖിതത്തെ സംബന്ധിച്ചുള്ള ആദ്യ സമീപനം പ്രധാനപ്പെട്ടതു തന്നെയാണ്.

## ടി.എ. ഗോപിനാഥറാവുവിന്റെ കൃതികൾ

### 1. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ്

ടി.എ. ഗോപിനാഥറാവുവാണ് ട്രാവൻകൂർ ആർക്കിയോളജി സീരീസിന്റെ ഒന്നും രണ്ടും വാല്യങ്ങൾ (1910) എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചത്. ഒരു പാർട്ടു മാത്രമുള്ള ഒന്നാം വാല്യവും രണ്ടു പാർട്ടുകൾ ഉൾക്കൊള്ളുന്ന രണ്ടാംവാല്യവുമാണത്. ലിഖിതങ്ങളുടെ ഇംഗ്ലീഷിലുള്ള ആമുഖം, തമിഴിലുള്ള പാഠം, ഇംഗ്ലീഷിലുള്ള വിവർത്തനവും അപഗ്രഥനവും, രേഖയുടെ ലിത്തോഗ്രാഫ് എങ്ങിനെയാണ് ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ഘടന. ഒന്നാം വാല്യത്തിൽ 16 ശീർഷകങ്ങളിലായി 118 ലിഖിതങ്ങൾ പഠനവിധേയമാക്കിയിരിക്കുന്നു.

ലിഖിതങ്ങളെ സംബന്ധിച്ച് വിശദമായ ആമുഖം കൊടുക്കുന്നുണ്ട്. അതിൽ ലിഖിതം കണ്ടെടുത്ത സ്ഥലം, ഭാഷ, ലിപി, കാലം, ലിഖിതത്തിന്റെ ഇന്നത്തെ അവസ്ഥ, പ്രമേയം എന്നിവയെല്ലാം വിശദീകരിക്കുന്നു. പാണ്ഡ്യലിഖിതങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന ഭാഗത്തും (Some Inscriptions of the later Pandya or the Decline of the Pandya Power) വട്ടെഴുത്തിനെക്കുറിച്ചു വിശദീകരിക്കുന്ന ഭാഗത്തും (Specimens of Vatteluttu Inscription) ആമുഖം, വിശദീകരണമായി മാറുന്നു.

ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ ലിഖിതത്തിൽനിന്നുള്ള വിവരങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതായി കാണാം. അതായത് ടി.എ.എസിൽ ഒരു രേഖയെ വിലയിരുത്താൻ മറ്റു രേഖകളിൽ നിന്നുള്ള തെളിവുകൾ ചേർത്ത് സൂക്ഷ്മ പരിശോധന നടത്തുന്നതായി കാണാം. ഉദാഹരണമായി കൃഷ്ണദേവരായരുടെ പിതാവായ നരസനായക മധുരയിലെ ഒരു രാജാവിനെ തോൽപ്പിച്ചു എന്ന് പ്രമേയമുള്ള ഒരു ലിഖിതമുണ്ട്. സരസനായകൻ ജീവിച്ചിരുന്ന കാലവുമായി നോക്കുമ്പോൾ അരികേസരി പരാക്രമയെയാണ് തോൽപ്പിച്ചതെന്ന് റാവു നിഗമനത്തിലെത്തുന്നു. സദാശിവരായയുടെ കൃഷ്ണപുരം ലിഖിതത്തെക്കുറിച്ച് പഠിച്ചത് പ്രയോജനപ്പെടുത്തുന്നു. ഒരു ലിഖിതത്തെക്കുറിച്ചു മനസ്സിലാക്കാൻ മറ്റൊരു ലിഖിതം പ്രയോജനപ്പെടുത്തിയിരിക്കുന്നതായി കാണാം. ഇത്തരത്തിൽ ലിഖിതങ്ങളുടെ നിരീക്ഷണത്തിൽനിന്ന് ഉരുത്തിരിഞ്ഞ അപഗ്രഥനങ്ങളാണ് ടി.എ.എസിൽ കാണാൻ കഴിയുന്നത്.

പ്രാചീന രേഖകളിൽ പരാമർശിക്കുന്ന പല സ്ഥലങ്ങളുടെയും ഇന്നത്തെ സ്ഥാനം നിർണ്ണയിക്കുകയും ശാസനപാഠത്തെ സംബന്ധിച്ചുള്ള പ്രഹേളികകൾക്ക് പൂർണ്ണമായി അറിവില്ലാത്തപക്ഷം സാദ്ധ്യതകൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ടി.എ.എസിൽ അവസാന അദ്ധ്യായത്തിൽ (Specimens of Vatteluttu Inscription), ബ്രാഹ്മിയിൽ നിന്നാണ് വട്ടെഴുത്ത് രൂപപ്പെട്ടതെന്നു ഖണ്ഡിതമായി സ്ഥാപിക്കുകയും അവയുടെ പ്രത്യേകതകൾ വിവരിക്കുകയും ചെയ്യുന്നു. പ്രമേയം പോലെ ലിഖിതങ്ങളുടെ രൂപത്തിലും റാവു ശ്രദ്ധ ചെലുത്താറുണ്ട്.

ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ തമിഴ്സ്വാധീനം കാണുന്നു. ലിഖിതങ്ങളുടെയെല്ലാം പാഠങ്ങൾ തമിഴിൽ രേഖപ്പെടുത്തിയിരിക്കുന്നതും തമിഴ്പദങ്ങൾ വിശദീകരിക്കാതെ പ്രയോഗിക്കുന്നതും ഇതിനുദാഹരണമായി കാണണം. ഈ തമിഴ്സ്വാധീനത്തിനു കാരണം അക്കാലത്ത് തമിഴിനുണ്ടായിരുന്ന മേൽക്കൈയായിരുന്നുവെന്നും കാൽഡ്വലിന്റെ Comparative Grammar of Dravidian Languages ന്റെ ശക്തമായ സ്വാധീനവുമാണെന്ന് കേശവൻ വെളുത്താട്ട് നിരീക്ഷിക്കുന്നു. (കേശവൻ വെളുത്താട്ട്, 2024:149).

രേഖകളുടെ പാഠത്തെ റാവു വല്ലാതെ പിന്തുടരുന്നതായി കാണുന്നു. പാണ്ഡ്യന്മാരുടെ ലിഖിതങ്ങളൊക്കെ ശകവർഷത്തിലാണ് കൊടുത്തിരിക്കുന്നത്. അത് ജനകീയമായ വർഷത്തിലേക്ക് ആക്കിയിട്ടില്ല. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ഒന്നാംവാല്യത്തിൽ ആകെ വിശദീകരിച്ചിരിക്കുന്ന 118 ലിഖിതങ്ങളിൽ 60 എണ്ണവും ഹൈന്ദവക്ഷേത്രങ്ങളെ സംബന്ധിച്ചുള്ളതും 16 എണ്ണം ബ്രാഹ്മണർക്കു ലഭിച്ച ദാനങ്ങളെക്കുറിച്ചുമുള്ളതാണ്. ക്ഷേത്രങ്ങളെ സംബന്ധിച്ച 60 ലിഖിതങ്ങളിൽ പലതിലും ബ്രാഹ്മണരുടെ മേൽക്കൈയെക്കുറിച്ച് പ്രതിപാദിക്കുന്നുമുണ്ട് (ഉദാ: കൊല്ലവർഷം 412ലെ തിരുവല്ലം ലിഖിതം - Tiruvallam Inscription of Ko 412). ഇത്തരത്തിൽ ക്ഷേത്രകേന്ദ്രീകൃത ബ്രാഹ്മണാധിപത്യത്തോടു ചേർന്നുള്ള രാജഭരണത്തിന്റെ ചുവടുപിടിച്ചുള്ള ചരിത്രാന്വേഷണം ഇവിടെ കാണാം.

**എലമെന്റ്സ് ഓഫ് ഹിന്ദു ഐക്കണോഗ്രഫി**

**(Elements of Hindu Iconography)**

പ്രതിമാനിർമ്മാണത്തെക്കുറിച്ചും അവയുടെ പിന്നിലെ മിത്തുകളെക്കുറിച്ചും ടി.എ. ഗോപിനാഥറാവു രചിച്ച കൃതിയാണ് എലമെൻറ്സ് ഓഫ് ഹിന്ദു ഐക്കണോഗ്രഫി. രണ്ടു വാല്യങ്ങളിൽ നാലുഭാഗങ്ങളായുള്ള ഈ കൃതിയുടെ ആദ്യ വാല്യം 1914ലും രണ്ടാം വാല്യം 1916ലുമാണ് പ്രസിദ്ധീകരിച്ചത്. ഒന്നാം വാല്യത്തിന്റെ ഒന്നാം ഭാഗത്ത് ഹിന്ദു ആരാധനാരീതിയുടെ തുടക്കം പരാമർ ശിക്കുന്നു. മാത്രമല്ല ഗണപതി, വിഷ്ണു എന്നീ ദേവന്മാർ, അവരുടെ വിഗ്രഹങ്ങൾ എന്നിവയെക്കുറിച്ച് പരാമർശിക്കുന്നു. ആദിത്യൻ, നവഗ്രഹങ്ങൾ, ദേവി തുടങ്ങിയ ദേവതാ സങ്കല്പങ്ങളെക്കുറിച്ചും ഒന്നാം വാല്യത്തിന്റെ രണ്ടാം ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ശിവൻ, ശിവലിംഗം എന്നിവയെക്കുറിച്ചുള്ള പഠനം രണ്ടാം വാല്യത്തിന്റെ ഒന്നാംഭാഗത്ത് കാണുന്നു. അവസാന ഭാഗത്ത് (രണ്ടാം വാല്യം രണ്ടാം ഭാഗം) സുബ്രഹ്മണ്യൻ, നന്ദികേശൻ എന്നീ ദേവന്മാരെക്കുറിച്ചും ദിവ്യന്മാരെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

അനേക വിദേശപണ്ഡിതന്മാർക്ക് ദുർഗ്രഹമായ ഒന്നായിരുന്നു ഹിന്ദുമതത്തെ സംബന്ധിച്ചുള്ള ശില്പനിർമ്മാണം. അത് മിത്തുകളും ഐതിഹ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവ അനാവരണം ചെയ്തതിൽ ടി.എ. ഗോപിനാഥറാവുവിന്റെ സംഭാവന അന്യാദൃശ്യമാണ്.

**ചിത്രരചന**

ചിത്രരചനാതത്വങ്ങളെക്കുറിച്ചും ടി.എ. ഗോപിനാഥറാവുവിന് ആധികാരികമായ അറിവുണ്ടായിരുന്നു. അദ്ദേഹം മോഡേൺ റിവ്യൂ എന്ന പ്രസിദ്ധീകരണത്തിൽ (Modern Review Volume XXIV November 1 to 6) പെയിൻറിംഗ് ഇൻ എൻഷ്യൻറ് ഇന്ത്യ (Painting in Ancient India) എന്ന ലേഖനം പ്രസിദ്ധീകരിച്ചു. ചിത്രകലയെക്കുറിച്ച് വിശദീകരിക്കുന്ന ലേഖനമായിരുന്നു അത്.

പുരാവസ്തുപഠന സംബന്ധിയായ ധാരാളം ലേഖനങ്ങൾ റാവു, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച എപ്പിഗ്രാഫിയ ഇൻഡിക്ക എന്ന ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എപ്പിഗ്രാഫിയ ഇൻഡിക്ക വാല്യം 12ൽ എഴുതിയ Dalvay Agraharam Plates of Venkatapatideva Maharaya I Saka Samvat 1508, The Arivilimangalam Plates of Srirangaraya II എന്നീ ലേഖനങ്ങൾ വാല്യം 14ൽ എഴുതിയ Srirangam Plates of Mummadi Nayaka Saka Samvat 1280 എന്നിവയൊക്കെ ഉദാഹരണമായി കാണാവുന്നതാണ്.

ഇങ്ങനെ പുരാലിഖിതപഠന രംഗത്തും പുരാലിപിപഠനരംഗത്തും ശില്പ, നിർമ്മാണം, ചിത്രകല എന്നിങ്ങനെയുള്ള കലാപഠന രംഗത്തും ടി.എ. ഗോപിനാഥറാവു മൗലികമായ സംഭാവനകൾ നൽകി. ലിഖിതങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിൽ ചരിത്രകാരന്മാർക്ക് വിയോജിപ്പുണ്ടെങ്കിലും റാവുവിന്റെ നിരീക്ഷണങ്ങൾ വൈജ്ഞാനിക രംഗത്തുണ്ടാക്കിയ ചലനം നിർണ്ണായകമാണ്.

 ISSN No: 3049-0316 

### കുറിപ്പുകൾ

1. വി.ആർ. പരമേശ്വരൻപിള്ളയുടെ പ്രാചീനലിഖിതങ്ങൾ എന്ന പുസ്തകത്തിന്റെ അവതാരികയിലാണ് പ്രൊഫ. പി.കെ.കെ. മേനോൻ ഇങ്ങനെ പറഞ്ഞിരിക്കുന്നത്.
2. രാജസ്തുതിയാണ് മെയ്ക്കീർത്തി, ചോള പാണ്ഡ്യ ലിഖിതങ്ങളിൽ ഇവ ധാരാളമായി കാണപ്പെടുന്നു. ഉദാഹരണമായി കന്യാകുമാരിയിൽ ഗുഹനാഥ സ്വാമിൻ ക്ഷേത്രത്തിലെ ഒരു ലിഖിതത്തിൽ (Six Chola Inscription at Kanyakumari I – Travancore Archaeological Series) രാജാവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഗംഗയും കടാരവും പിടിച്ചടക്കിയ പരകേസരിവർമ്മൻ രാജേന്ദ്രചോളദേവ എന്നാണ്. പാണ്ഡ്യ ലിഖിതങ്ങളിലും ഇത്തരത്തിലുള്ള രാജസ്തുതികൾ ധാരാളമായി കാണാം. പാണ്ഡ്യന്മാരിലെ ഒരു രാജാവിന് സമുദ്രത്തിലെ വെള്ളം കാൽമുട്ടുവരയേ ഉള്ളൂ എന്നും മറ്റൊരു രാജാവ് ഇന്ദ്രന്റെ സിംഹാസനം പങ്കിട്ടെടുത്തെന്നും മറ്റൊരു രാജാവ് തന്നോടു ചോദിച്ച സ്ത്രീയ്ക്ക് ആയിരം ആനകളെ ദാനം ചെയ്തുവെന്നുമൊക്കെ കാണുന്നു.
3. 1917 ഡിസംബർ 17, 18 തീയതികളിൽ ടി.എ. ഗോപിനാഥറാവു, മദ്രാസ് സർവ്വകലാശാലയിൽ നടത്തിയ പ്രഭാഷണങ്ങൾ പുസ്തകരൂപത്തിൽ ആക്കിയത്.

### ഗ്രന്ഥസൂചി

1. രാമചന്ദ്രൻ പന്മന (എഡിറ്റർ), കേരള സംസ്കാര പഠനങ്ങൾ, 2011, കറന്റ് ബുക്സ്, കോട്ടയം.
2. കേശവൻ വെളുത്താട്ട്, ഭൂതകാലത്തെ ആവേശിച്ച ഭൂതം, 2024, ഡി.സി. ബുക്സ്, കോട്ടയം.
3. രാഘവവാരിയർ എം.ആർ., രാജൻ ഗുരുക്കൾ, കേരളചരിത്രം, 1991, വള്ളത്തോൾ വിദ്യാപീഠം, നാഷണൽ ബുക്ക് സ്റ്റാൾ.
4. ജോണി ഒ.കെ., വയനാട് രേഖകൾ, 2001, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. രത്നമ്മ കെ., പ്രാചീന ശാസനങ്ങളും മലയാള പരിഭാഷയും, 2005, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്.
6. ജിഷ എസ്.കെ, മതിലകം രേഖകൾ, 2023, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. ഗോപികൃഷ്ണ, Archaeology in India (Malayalam), 2020, അജിത് ബുക്സ് സെൻറർ ആൻഡ് ഡിസ്ട്രിബ്യൂട്ടേഴ്സ്.
8. കേശവൻ വെളുത്താട്ട്, എം.എം. ഷിനാസ്, ശ്രീജിത്ത് ഇ, എം.ജി.എസ്സിന്റെ ചരിത്രനിലപാടുകൾ, 2012, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
9. പരമേശ്വരൻപിള്ള വി.ആർ., പ്രാചീന ലിഖിതങ്ങൾ, 1963, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
10. രാഘവവാരിയർ എം.ആർ., പ്രാചീനലിപി പഠനം, 2019, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
11. ശ്രീകല ആർ.ബി., ഓലയും നാരായവും, 2023, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
12. ബാലകൃഷ്ണൻ പി.കെ., ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, 1983, ഡി.സി. ബുക്സ്, കോട്ടയം.
13. Gopinatha Rao T A., Travancore Archeological Series (Vol. 1, 2), 1905, Department of Cultural Studies, Government of Kerala.
14. Gopinatha Rao T A., Elements of Hindu Iconography (2 volumes).
15. Sundaram Pillai P, Some Early Sovereigns of Travancore.

### ചുരുക്കെഴുത്ത്

ടി.എ.എസ്. – ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ്.